കട്ടച്ചിറ പ്രദേശവും അഞ്ചുകുഴി എന്ന സ്ഥലവുമായി ബന്ധപ്പെടുത്തുന്ന ഫോറസ്റ്റ് റോഡ്

859 [1864] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാണി ഫോറസ്റ്റ് ഡിവിഷനിൽപെട്ട കട്ടച്ചിറ പ്രദേശവും തണ്ണിത്തോട് പഞ്ചായത്തിലെ അഞ്ചുകുഴി എന്ന സ്ഥലവുമായി ബന്ധപ്പെടുത്തുന്ന ഫോറസ്റ്റ് റോഡ് കൂടുതൽ സഞ്ചാരയോഗ്യമാക്കി തീർക്കുന്നതിനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) കട്ടച്ചിറ മുതൽ അഞ്ചുകുഴിവരെയുള്ള റോഡിന്റെ പണി നടത്തി റോഡ് സഞ്ചാരയോഗ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി, സി,) കട്ടച്ചിറ മുതൽ അഞ്ചുകുഴിവരെയുള്ള ഫോറസ്റ്റ് റോഡ് സോളിംഗും മെറ്റലിംഗും നടത്തി കൂടുതൽ സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.

ഗിരിജനങ്ങൾക്ക് തൊഴിലവസരങ്ങൾ

860 [1865] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിജനങ്ങൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും സാമ്പത്തികനേട്ടം ഉണ്ടാക്കുവാനും സംസ്ഥാന വനംവകുപ്പിന് എന്തെങ്കിലും പരിപാടികൾ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗിരിവർഗ്ഗ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ, സ്കൂളുകൾ, കമ്മ്യൂണിറ്റിഹാളുകൾ, മുതലായവ ഗിരിജനങ്ങളുടെ ജീവിതസൗകര്യം വർദ്ധിപ്പിക്കുന്നതോടൊപ്പം അവർക്ക് തൊഴിലവസരങ്ങളും നൽകുന്നു. ഈ സ്കീമിൽ 1986-87 വർഷത്തേക്ക് 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തോട്ടങ്ങളുടെ നിർമ്മാണം അഗ്നിശമനപ്രവർത്തനങ്ങൾ, തോട്ടങ്ങളുടെ പരിചരണം മുതലായ വികസനപ്രവർത്തനങ്ങളിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കൂടാതെ ഗിരിജനങ്ങൾക്കു മാത്രമായി നീക്കിവച്ചിട്ടുള്ള ചെറുചരക്കുശേഖരണം അവർക്ക് വർഷത്തിൽ എല്ലാകാലത്തും തൊഴിലവസരങ്ങൾ നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly